പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T3721 — 23.08.2017 ൽ മറുപടിക്ക്

## കഞ്ചിക്കോട് കോച്ച് ഫാക്ടറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, എ.പി. അനിൽ കുമാർ<br>,, സണ്ണി ജോസഫ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് കഞ്ചിക്കോട്ട് ആരംഭിക്കുമെന്ന് 2008 ലെ കേന്ദ്ര റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br><br>(ബി) പദ്ധതിയുടെ രൂപരേഖയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് പൊതുമേഖലാ സ്ഥാപനത്തിന്റെ സഹായത്തോടെയാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്;<br><br>(സി) ഹരിയാനയിലെ സോനിപത്തിൽ സ്ഥാപിക്കുന്ന കോച്ച് ഫാക്ടറി കഞ്ചിക്കോട്ട് പ്രഖ്യാപിച്ച കോച്ച് ഫാക്ടറിക്ക് ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ;<br><br>(ഡി) പ്രധാനമന്ത്രിക്ക് 17.05.2017 ൽ നൽകിയ മെമ്മോറാണ്ടത്തിൽ കോച്ച് ഫാക്ടറി | (എ) യും (ബി) യും (സി) യും (ഡി) യും<br>പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09 ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. ഏകദേശം 1215 കോടി രൂപ ചെലവിൽ പാലക്കാട് ജില്ലയിൽ 430.59 ഏക്കർ സ്ഥലത്ത് പദ്ധതി തുടങ്ങാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേക്ക് കൈമാറാൻ 28.01.2012 ലെ ജി.ഒ(എം.എസ്) നം. 35/2012/റവ നമ്പർ പ്രകാരം ഉത്തരവായിരുന്നു. ഇതു കൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർ കൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത 94.85 ഏക്കർ ഭൂമിയിൽ 92.75 ഏക്കർ വനഭൂമിയും 1.47 ഏക്കർ സ്വകാര്യ ഭൂമിയും 0.63 ഏക്കർ പഞ്ചായത്ത് വക ഭൂമിയും ആയിരുന്നു. പ്രസ്തുത ഭൂമി കൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചു വരുമ്പോൾ 230.10 ഏക്കർ മാത്രമേ Phase I ൽ ആവശ്യമുള്ളൂവെന്ന് റെയിൽവേ ബോർഡ് തീരുമാനിച്ചതായി പിന്നീട് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിച്ചു ആയതിൻ പ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വയ്ക്കുകയുണ്ടായി. പിന്നീട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ താഴെപറയുന്ന വിവരങ്ങൾ അറിയിക്കുകയുണ്ടായി പുതുക്കിയ ബിസിനസ് പ്ലാൻ പ്രകാരം വർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000 ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (സെയിൽ) അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താൽപര്യം പ്രകടിപ്പിച്ചില്ലെന്നും തുടക്കത്തിലെ പ്രൊപ്പോസലിൽ |

യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ടായിരുന്നതും റെയിൽവേ ബോർഡ് പരിഗണിക്കാതിരുന്നതുമായ സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനാണ് സെയിൽ താൽപര്യപ്പെടുന്നതെന്നും അറിയിച്ചിരുന്നു. നാഷണൽ അലുമിനിയം കമ്പനി (NALCO) യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്ക് വേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ച് വരുകയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തവും ഉണ്ടാകണമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. PPP മോഡൽ വഴിയായി 26% ഓഹരിപങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് റെയിൽവേ അധികാരികൾ അറിയിച്ചു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അലുമിനിയം കോച്ചുകൾ തന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് കൊണ്ടിരിക്കുകയാണെന്നും റെയിൽവേ അധികാരികൾ അറിയിച്ചിട്ടുണ്ട്.

പാലക്കാട് കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ച് തുടങ്ങിയ സാഹചര്യത്തിലും ഹരിയാനയിലെ 161.48 ഏക്കർ സ്ഥലത്തേക്ക് പ്രസ്തുത ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും കഞ്ചിക്കോടിലെ റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെപ്പറ്റിയുള്ള അവ്യക്തതകൾ നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് അയയ്ക്കുകയുണ്ടായി. കൂടാതെ എം.പിമാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തു വരുന്നു. കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്രത്തിൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പാലക്കാട് കോച്ച് ഫാക്ടറിയുടെ കാര്യം ഉൾപ്പെടുത്തിയിരുന്നു.

SR

സെക്ഷൻ ഓഫീസർ